അധ്യായം 98

# അൽ ബയ്യിനഃ

അവതരണം. മദീനയിൽ, വചനങ്ങൾ 8

---

## അധ്യായ പരിചയം:

പ്രവാചകൻ മുഹമ്മദ്നബിയുടെ മദീനാജീവിതത്തിൽ അവതീർണമായ അധ്യായമാണിത്. നാല് വിഷയങ്ങളാണ് ഇതിൽ പ്രധാനമായും വിവരിക്കുന്നത്.

1. മുൻ പ്രവാചകസമുദായങ്ങളായ വേദക്കാരുടെ അഥവാ ജൂതരുടെയും ക്രിസ്ത്യാനികളുടെയും സന്മാർഗത്തിൽനിന്നുള്ള അകല്ച്ചയും അക്കാര്യത്തിൽ അവർക്കിടയിലുണ്ടായ ഭിന്നിപ്പും തുറന്നുകാണിക്കുന്നു. അത്തരം പതനത്തിലേക്ക് അവരെ എത്തിച്ചത് ദൈവികമാർഗദർശനത്തിൻെറ അഭാവമല്ല, അവരുടെ തന്നെ സമീപനമാണ് അതിന് കാരണമെന്നും ഈ അധ്യായം വ്യക്തമാക്കുന്നു.
2. ഈ വഴികേടിൽനിന്ന് അവരെ മോചിപ്പിക്കാൻ ഒരു പ്രവാചകൻ ആഗതനായിട്ടുണ്ട്. അവരെപ്പോലെ മറ്റുള്ളവരെയും ദുർമാർഗത്തിൽനിന്നും ദൈവികമാർഗത്തിലേക്ക് ആനയിക്കുവാൻ ഒരു ദൈവദൂതൻ അനിവാര്യമാണ്. അദ്ദേഹം മുഖേനയാണ് ദൈവം അവൻെറ ഗ്രന്ഥം ലോകത്തിന് നല്കുന്നത്. അത് യഥാവിധം വിശദീകരിച്ചു കൊടുക്കുകയാണ് പ്രവാചകൻ ചെയ്യുന്നത്.
3. മനുഷ്യൻ അടിസ്ഥാനപരമായി നിയോഗിക്കപ്പെട്ടത് സ്രഷ്ടാവായ ഏകദൈവത്തിന് മാത്രം കീഴ്വണങ്ങുവാനും അവനെ മാത്രം ആരാധിക്കുവാനുമാണ്. അതാണ് അവൻെറ മേൽ അർപ്പിതമായ ജീവിതധർമം.
4. തങ്ങളിലേക്ക് ആഗതനായ ഈ പ്രവാചകനെ തിരസ്കരിച്ച് ദുർമാർഗത്തിൽ തന്നെ തുടരുകയാണെങ്കിൽ അതിന് ഉത്തരവാദികൾ അവനവൻ തന്നെയായിരിക്കും. ദൈവവിശ്വാസവും പ്രവാചകനെ പിൻപറ്റലുമാണ് ജനത്തെ യഥാർഥത്തിൽ സൃഷ്ടി ശ്രേഷ്ഠരാക്കുന്നത്. അവരാണ് അല്ലാഹുവിൻെറ പ്രീതിക്ക് വിധേയരാകുക. അല്ലാത്തവർ ദുഷ്ടരും ദൈവികനിഷേധികളുമായിരിക്കും. അവരാകട്ടെ, ദൈവികകോപത്തിന് വിധേയരുമായിരിക്കും.

## അർഥം:

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

| | | |
|---|---|---|
| *ആയിട്ടില്ല,* | ലം യകുനി | لَمْ يَكُنِ |
| *സത്യനിഷേധികൾ* | അല്ലദീന കഫറൂ | الَّذِينَ كَفَرُوا |
| *വേദക്കാരിൽ പെട്ട* | മിൻ അഹ്ലിൽ കിതാബി | مِنْ أَهْلِ الْكِتَابِ |
| *ബഹുദൈവാരാധകരിലും* | വൽ മുശ്രികീന | وَالْمُشْرِكِينَ |
| *വേറിട്ടു പോകുന്നവർ* | മുൻഫക്കിന | مُنفَكِّينَ |
| *അവർക്ക് വന്നെത്തുവോളം* | ഹത്താ തഅ്തിയഹും | حَتَّى تَأْتِيَهُمُ |
| *വ്യക്തമായ തെളിവ്* | അൽ ബയ്യിന | الْبَيِّنَةُ |
| *ദൂതൻ (വരുന്നതുവരെ)* | റസൂലുൻ | رَسُولٌ |
| *അല്ലാഹുവിങ്കൽനിന്നുള്ള* | മിനല്ലാഹി | مِّنَ اللَّهِ |

| | | |
|---|---|---|
| *ഓതിക്കേൾപ്പിക്കുന്ന* | യത്‌ലൂ | يَتْلُو |
| *ഏടുകൾ* | സ്വുഹുഫൻ | صُحُفًا |
| *പരിശുദ്ധി നല്കപ്പെട്ട* | മുത്വഹ്ഹറ | مُّطَهَّرَةً |
| *അതിലുണ്ട്* | ഫീഹാ | فِيهَا |
| *രേഖകൾ* | കുതുബൻ | كُتُبٌ |
| *നേരായ* | ഖയ്യിമ | قَيِّمَةٌ |
| *ഭിന്നിച്ചിട്ടില്ല* | വമാ തഫർറഖ | وَمَا تَفَرَّقَ |
| *നല്കപ്പെട്ടവർ* | അല്ലദീന ഊതു | الَّذِينَ أُوتُوا |
| *ഗ്രന്ഥം* | അൽ കിതാബ | الْكِتَابَ |
| *ശേഷമല്ലാതെ* | ഇല്ലാ മിമ്പഅ്ദി | إِلَّا مِن بَعْدِ |
| *അവർക്ക് വന്നതിന്* | മാ ജാഅത്ഹും | مَا جَاءَتْهُمُ |
| *വ്യക്തമായ തെളിവ്* | അൽ ബയ്യിന | الْبَيِّنَةُ |
| *അവർ കല്പിക്കപ്പെട്ടിട്ടില്ല* | വമാ ഉമിറൂ | وَمَا أُمِرُوا |
| *അല്ലാതെ* | ഇല്ലാ | إِلَّا لِيَعْبُدُوا اللهَ |
| *അല്ലാഹുവിനെ ആരാധിക്കുവാൻ* | ലിയഅ്ബുദുല്ലാഹ | لِيَعْبُدُوا اللهَ |
| *നിഷ്കളങ്കരായി* | മുഖ്‌ലിസ്വീന | مُخْلِصِينَ |
| *അവന് കീഴ്‌വണങ്ങി* | ലഹുദ്ദീൻ | لَهُ الدِّينَ |
| *ഋജുമാനസരായി* | ഹുനഫാഅ | حُنَفَاء |
| *അവർ നിലനിറുത്തുവാനും* | വയുഖീമൂ | وَيُقِيمُوا |
| *നമസ്കാരം* | അസ്സ്വലാത്ത | الصَّلَاةَ |
| *അവർ നല്കുവാനും* | വയുഅ്തൂ | وَيُؤْتُوا |
| *സകാത്ത്* | അസ്സകാത്ത | الزَّكَاةَ |
| *അതത്രെ* | വദാലിക | وَذَٰلِكَ |
| *മതം* | ദീനു | دِينُ |
| *വക്രതയില്ലാത്ത* | അൽ ഖയ്യിമ | الْقَيِّمَةِ |
| *നിശ്ചയം, നിഷേധികൾ* | ഇന്നല്ലദീന കഫറൂ | إِنَّ الَّذِينَ كَفَرُوا |
| *വേദക്കാരിൽ പെട്ട* | മിൻ അഹ്‌ലിൽകിതാബി | مِنْ أَهْلِ الْكِتَابِ |

| | | |
|---|---|---|
| *ബഹുദൈവാരാധകരിലും* | വൽ മുശ്്രികീന | وَالْمُشْرِكِينَ |
| *നരകാഗ്നിയിലാകുന്നു* | ഫീ നാരിജഹന്നമ | فِي نَارِ جَهَنَّمَ |
| *അവർ നിത്യവാസികളാകുന്നു* | ഖാലിദീന | خَالِدِينَ |
| *അതിൽ* | ഫീഹാ | فِيهَا |
| *അക്കൂട്ടർ തന്നെയാകുന്നു* | ഉലാഇക ഹും | أُوْلَئِكَ هُمْ |
| *മോശമായ* | ശർറു | شَرُّ |
| *സൃഷ്ടികൾ* | അൽ ബരിയ്യ | الْبَرِيَّةِ |
| *നിശ്ചയം, വിശ്വസിച്ചവർ* | ഇന്നലദീന ആമനൂ | إِنَّ الَّذِينَ آمَنُوا |
| *പ്രവർത്തിച്ചവരും* | വഅമിലു | وَعَمِلُوا |
| *സൽക്കർമം* | അസ്സ്വാലിഹാതി | الصَّالِحَاتِ |
| *അക്കൂട്ടർ തന്നെയാകുന്നു* | ഉലാഇക ഹും | أُوْلَئِكَ هُمْ |
| *ഉത്തമരായ* | ഖൈറു | خَيْرُ |
| *സൃഷ്ടികൾ* | ആൽ ബരിയ്യ | الْبَرِيَّةِ |
| *അവരുടെ പ്രതിഫലം* | ജസാഉഹും | جَزَاؤُهُمْ |
| *തങ്ങളുടെ രക്ഷിതാവിങ്കൽ* | ഇൻദ റബ്ബിഹിം | عِندَ رَبِّهِمْ |
| *സ്വർഗത്തോപ്പുകളാകുന്നു* | ജന്നാത്തു അദ്നിൻ | جَنَّاتُ عَدْنٍ |
| *ഒഴുകുന്നു* | തജ്്രീ | تَجْرِي |
| *അതിൻെറ താഴ്ഭാഗങ്ങളിലൂടെ* | മിൻ തഹ്തിഹാ | مِن تَحْتِهَا |
| *അരുവികൾ* | അൽഅൻഹാറു | الْأَنْهَارُ |
| *അവർ സ്ഥിരവാസികളായിരിക്കും* | ഖാലിദീന | خَالِدِينَ |
| *അതിൽ* | ഫീഹാ | فِيهَا |
| *എക്കാലവും* | അബദൻ | أَبَدًا |
| *അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു* | റദിയല്ലാഹു | رَّضِيَ اللَّهُ |
| *അവരെപ്പറ്റി* | അൻഹും | عَنْهُمْ |
| *അവർ തൃപ്തിപ്പെട്ടിരിക്കുന്നു* | വറദൂ | وَرَضُوا |
| *അവനെപ്പറ്റി* | അൻഹു | عَنْهُ |
| *അത്* | ദാലിക | ذَلِكَ |

| | | |
|---|---|---|
| *ഭയപ്പെടുന്നവർക്കുള്ളതാകുന്നു* | ലിമൻ ഖശിയ | لِمَنْ خَشِيَ |
| *തൻെറ രക്ഷിതാവിനെ* | റബ്ബഹു | رَبَّهُ |

വിശദീകരണം:

لَمْ يَكُنِ الَّذِينَ كَفَرُوا مِنْ أَهْلِ الْكِتَابِ وَالْمُشْرِكِينَ مُنفَكِّينَ حَتَّى تَأْتِيَهُمُ الْبَيِّنَةُ

***വേദക്കാരും ബഹുദൈവാരാധകരുമായ സത്യനിഷേധികൾ, തെളിഞ്ഞ ദൃഷ്ടാന്തം അവർക്ക് വന്നെത്തുന്നതുവരെ അവരുടെ നിഷേധത്തിൽനിന്ന് വിരമിക്കുന്നവരായിരുന്നില്ല.***

ഈ വചനത്തിൽ രണ്ട് സാങ്കേതിക പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. അഹ്ലുൽ കിതാബ്, മുശ്രിക് എന്നിവയാണവ. അവർ യഥാക്രമം വേദക്കാർ, ബഹുദൈവാരാധകർ എന്നിവരാകുന്നു. മുൻപ്രവാചകന്മാരിൽ ആരെങ്കിലും കൊണ്ടുവന്ന വേദഗ്രന്ഥത്തിൽ വിശ്വസിക്കുകയും അത് കൈവശം വെക്കുകയും ചെയ്യുന്നവാരണവർ. മിക്കവാറും തൗറാത്ത്, ഇഞ്ചീൽ പോലുള്ള ഗ്രന്ഥങ്ങളിൽ ഏതെങ്കിലും ഒന്നിൽ വിശ്വസിക്കുന്നവരാണവർ.

മുശ്രിക് എന്നാൽ ബഹുദൈവവിശ്വാസികൾ എന്നർഥം. അവരിൽ ഏതെങ്കിലും വിധത്തിലുള്ള ഏകദൈവവിശ്വാസമോ പ്രവാചകന്മാരെ അനുധാവനം ചെയ്യുന്ന രീതിയോ ഉണ്ടാവുകയില്ല. അവർ അടിസ്ഥാനപരമായി തന്നെ ബഹുദൈവവിശ്വാസികളാണ്.

വേദവിശ്വാസികൾ പിൽക്കാലത്ത് ഗുരുതരമായ ബഹുദൈവത്വത്തിൽ അകപ്പെടുകയുണ്ടായി. ഏകദൈവവിശ്വാസത്തിൽനിന്നുപോലും അവർ പിഴച്ചു. ക്രിസ്ത്യാനികൾ മസീഹിനെ ദൈവമായി പ്രതിഷ്ഠിക്കുകയും അല്ലാഹു മൂന്ന് ദൈവങ്ങളിൽ ഒന്നാണെന്ന് വാദിക്കുകയും പ്രാർഥനകളിൽ അവരെ അല്ലാഹുവോടൊപ്പം പങ്ക് ചേർക്കുകയും ചെയ്തപ്പോൾ ജൂതന്മാർ ഉസൈറിനെ ദൈവപുത്രനായി പ്രതിഷ്ഠിച്ചു. ഇതാണ് ഗുരുതരമായ പിഴവുകളിൽ പ്രധാനം. എന്നാൽ വേദക്കാരെ ഖുർആൻ മുശ്രിക്കുകൾ എന്ന് അഭിസം ബോധനം ചെയ്തിട്ടില്ല. കാരണം, അടിസ്ഥാനപരമായി അവർ ദൈവപ്രോക്തമായ ദീനിൻെറ ആളുകളാണ്.

പ്രവാചകന്മാരിൽ വിശ്വസിക്കുകയോ ഏകദൈവത്തിൽ വിശ്വസിക്കുകയോ ചെയ്യാത്തവരെയാണ് ഖുർആൻ മുശ്രിക്കുകൾ അഥവാ ബഹുദൈവവിശ്വാസികൾ എന്ന് വിശേഷിപ്പിച്ചിട്ടുള്ളത്.

ഇതേ വചനത്തിൽ ഈ രണ്ടു വിഭാഗത്തെയും -വേദഗ്രന്ഥക്കാരെയും ബഹുദൈവവിശ്വാസികളെയും- കാഫിർ അഥവാ സത്യനിഷേധികൾ എന്ന് വിശേഷിപ്പിച്ചതായി കാണാം. വേദഗ്രന്ഥക്കാരെ സംബന്ധിച്ചിടത്തോളം ഏകനായ അല്ലാഹുവോടൊപ്പം മറ്റു ചിലർക്കും ദിവ്യത്വം കല്പിക്കുകയും ചില പ്രവാചകന്മാരെ നിഷേധിക്കുകയും അവരുടെതല്ലാത്ത ദൈവികദർശനങ്ങളെ തള്ളിക്കളയുകയും ചെയ്തതിനാലാണെന്ന് മുകളിൽ സൂചിപ്പിക്കുകയുണ്ടായി.

ബഹുദൈവ വിശ്വാസികളാകട്ടെ, ഏകദൈവത്തെ നിഷേധിക്കുകയും മറ്റു പലർക്കും ദിവ്യത്വം കാല്പിച്ചു അവരോട് പ്രാർഥിക്കുകയും പ്രവാചകന്മാരിലും പരലോകത്തിലും അവിശ്വാസിക്കുകയും ചെയ്തിരുന്നു.

ഈ വിശാലമായ അർഥങ്ങളിലാണ് അവരെ വേദഗ്രന്ഥക്കാരിലും ബഹുവൈവിശ്വാസികളിലും പെട്ട സത്യനിഷേധികൾ എന്ന് വിശേഷിപ്പിച്ചത്.

വ്യക്തമായ സന്മാർഗദർശനത്തിൻെറ അഭാവത്തിൽ, അഥവാ അവർ അകപ്പെട്ടിട്ടുള്ള ബഹുദൈവത്വസങ്കല്പത്തിൻെറ നഷ്ടവും ദൈവികദീനിൻെറ ലാഭവും അവർക്ക് വ്യക്തമാക്കി കൊടുക്കുന്ന ഒരു പ്രവാചകൻെറ ആഗമനം ഉണ്ടാകുന്നതുവരെ അവർ അകപ്പെട്ടിട്ടുള്ള സത്യനിഷേധത്തെപ്പറ്റി അവർക്ക് മനസ്സിലാക്കാൻ

സാധിക്കുകയില്ല. അവരെ അതിൽനിന്ന് മോചിപ്പിക്കണമെങ്കിൽ സന്മാർഗവുമായി ഒരു പ്രവാചകൻ അവരിൽ ആഗതമാകേണ്ടിയിരുന്നു. അതുവരെ അവർ അവരുടെ ദുർമാർഗത്തിൽ തുടരുക തന്നെ ചെയ്യും എന്നർഥം.

---

رَسُولٌ مِّنَ اللَّهِ يَتْلُو صُحُفًا مُّطَهَّرَةً – فِيهَا كُتُبٌ قَيِّمَةٌ

*അല്ലാഹുവിങ്കൽനിന്നുള്ള ഒരു ദൂതൻ, അദ്ദേഹം അവർക്ക് പവിത്രമായ ഏടുകൾ വായിച്ചുകൊടുക്കുന്നു.* അതിൽ നേരായ രേഖകളുണ്ട്.

---

രണ്ട് കാര്യങ്ങളാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. അതായത്, അല്ലാഹുവിൽനിന്നുള്ള മുഹമ്മദ് എന്ന ദൂതൻ. അദ്ദേഹം തൻെറ ജനതക്ക് അല്ലാഹുവിൽനിന്നുള്ള വ്യക്തമായ മാർഗനിർദ്ദേശങ്ങളടങ്ങിയ വിശുദ്ധ ഗ്രന്ഥം ഓതിക്കൊടുക്കുന്നു. ആ ഗ്രന്ഥം അതിനു മുമ്പുള്ളതിനെ ശരിവെക്കുന്നതോടൊപ്പം അവരുടെ മനസ്സുകളെ അത് ആഴത്തിൽ സ്വാധീനിക്കുന്നതുമാകുന്നു.

അദ്ദേഹം അതുമൂഖേന അവരെ സംസ്കരിക്കുകയും അവരുടെ ജീവിതത്തെ ചിട്ടപ്പെടുത്തുകയും ചെയ്യുന്നു. സുരക്ഷിതവും സംശുദ്ധവുമായ ഒരു ഗ്രന്ഥത്തിനും പ്രവാചകനുമല്ലാതെ ഇത് സാധിക്കുകയില്ല.

---

وَمَا تَفَرَّقَ الَّذِينَ أُوتُوا الْكِتَابَ إِلَّا مِن بَعْدِ مَا جَاءَتْهُمُ الْبَيِّنَةُ

*വേദഗ്രന്ഥം നല്കപ്പെട്ടവർ ഭിന്നിച്ചിട്ടുള്ളത് അവർക്ക് സുവ്യക്തമായ പ്രമാണം വന്നെത്തിയതിനു ശേഷമാണ്.*

---

വേദഗ്രന്ഥക്കാരുടെ മാർഗഭ്രംശത്തിലേക്കാണിത് സൂചന നല്കുന്നത്. അതായത്, ദൈവത്തിങ്കൽനിന്നുള്ള ഒരു ദൂതനോ ഗ്രന്ഥമോ അവർക്ക് അവതരിക്കാത്തതിനാലല്ല അവർ വഴികേടിലായത്. അങ്ങനെ ചിന്തിക്കുന്നതുപോലും അബദ്ധമാണ്. കാരണം മുന്നറിയിപ്പുകാരായി ദൈവദൂതന്മാർ വരാത്ത ഒരു സ്ഥലവും ഭൂമുഖത്തില്ല. എന്നാൽ അവരുടെ വഴികേടിന് ഉത്തവാദികൾ അവർ തന്നെയാണ്. കാരണം, ദൈവത്തിൽനിന്നുള്ള തെളിഞ്ഞ ദൃഷ്ടാന്തങ്ങളുമായി ദൈവദൂതന്മാർ അവരിൽ ആഗതരാകുകയും അവരെ ഏകദൈവത്തിലേക്ക് ക്ഷണിക്കുകയും ചെയ്തതിനു ശേഷമാണ് അവർ ശരിയായ പാതയിൽനിന്ന് വ്യതിചലിച്ചത്. ഇതിന് കാരണം പലതാണ്. പ്രധാനമായും അവർ അവരുടെ ഗ്രന്ഥങ്ങളിൽ തിരുത്തലുകൾ വരുത്തി. പ്രവാചകന്മാരിൽ പലരെയും തള്ളിക്കളയുകയും ചിലരെ ദൈവത്തിൻെറ സ്ഥാനത്തേക്ക് ഉയർത്തിവെക്കുകയും ചെയ്തു. ഈ പാതകങ്ങളുടെ ഫലമായി അവർ അകപ്പെട്ടിട്ടുള്ള ദുർമാർഗത്തിൽനിന്ന് അവരെ രക്ഷിക്കുവാൻ ഒരു പ്രവാചകനെ അല്ലാഹു വീണ്ടും അവരിലേക്ക് അയക്കുകയാണ് മുഹമ്മദ് നബിയുടെ നിയോഗത്തിലൂടെ സാധിച്ചത്. പക്ഷേ, വീണ്ടും അവർ ഭിന്നിച്ചു. ചുരുക്കത്തിൽ അവരുടെ ദുർമാർഗത്തിൻെറ ഉത്തരവാദിത്തം അവരിൽ തന്നെ അർപ്പിതമാണ്.

---

وَمَا أُمِرُوا إِلَّا لِيَعْبُدُوا اللَّهَ مُخْلِصِينَ لَهُ الدِّينَ حُنَفَاءَ وَيُقِيمُوا الصَّلَاةَ وَيُؤْتُوا الزَّكَاةَ وَذَٰلِكَ دِينُ الْقَيِّمَةِ

*ഏകാഗ്രചിത്തരായി കീഴ്വണക്കം അല്ലാഹുവിന് മാത്രമാക്കി അവന് ആരാധന ചെയ്യുവാനും നമസ്കാരം നിലനിറുത്തുവാനും സകാത്ത് നല്കുവാനുമല്ലാതെ അവർ കല്പിക്കപ്പെട്ടിരുന്നില്ല. അതാകുന്നു ഏറ്റവും ചൊവ്വായ മതം.*

---

വേദക്കാരായ ആളുകളോട് -അവർ ഇന്ന് അറിയപ്പെടുന്ന ക്രിസ്ത്യാനികളാകട്ടെ, ജൂതരാകട്ടെ- നിഷ്കളങ്കരായി ഏകദൈവത്തിന് കീഴ്വണങ്ങുവാനും നമസ്കാരം മുറപ്രകാരം നിലനിറുത്തുവാനും തങ്ങളുടെ സമ്പത്തിൽനിന്ന് സകാത്ത് നല്കുവാനും മറ്റു ആരാധനാകർമങ്ങൾ കൃത്യമായി അനുഷ്ഠിക്കുവാനുമാണ് അടിസ്ഥാനപരമായി അവർ കല്പിക്കപ്പെട്ടിരുന്നത്. അതേ കല്പനയാകുന്നു ഇന്ന് മുഹമ്മദ് നബിയും അവരുടെ മുമ്പാകെ വെക്കുന്നത്. കാരണം, പ്രവാചകന്മാരഖിലം ഏകദൈവത്തിൽ

നിന്നുള്ളവരും അവരൊക്കെ അതത് ജനതയെ പഠിപ്പിച്ചത് ഒരേ അധ്യാപനങ്ങളും സാന്മാർഗിക നിർദ്ദേശങ്ങളുമായിരുന്നു.

ഇവിടെ മനസ്സിലാക്കേണ്ട ഒരു സംഗതി നമസ്കാരമാകുന്നു. ഇത് മുഹമ്മദ് നബിക്ക് മാത്രമുള്ള നിർദ്ദേശമോ അദ്ദേഹത്തെ അനുധാവനം ചെയ്തവർ മാത്രം അനുഷ്ഠിക്കേണ്ട ഒരു ആരാധനയോ അല്ല. എല്ലാ പ്രവാചകസമുദായങ്ങൾക്കും നമസ്കാരം നിർബന്ധമാക്കിയിരുന്നു. പക്ഷേ, അതിൻെറ അനുഷ്ഠാനരീതിയിലും സമയങ്ങളിലും ക്രമങ്ങളിലുമൊക്കെ മാറ്റം കണ്ടേക്കാം എന്നുമാത്രം. ഒരു ജനതയും ഏകദൈവാരാധനയുടെ പരമപ്രധാനമായ നമസ്കാരം അനുഷ്ഠിക്കുവാൻ കല്പിക്കപ്പെടാതെ പോയിട്ടില്ല. അതുപോലെയാണ് സകാത്തിൻെറയും മറ്റു ആരാധനാകാര്യങ്ങളുടെയുമൊക്കെ കാര്യം. ആ സമുദായങ്ങളൊക്കെ തന്നെ ഏകദൈവത്തിനുള്ള ആരാധനക്ക് മാത്രം കല്പിക്കപ്പെട്ടവരും ബിംബാരാധനയടക്കമുള്ള ആരാധനകളിൽനിന്നും അവയോടുള്ള പ്രാർഥനകളിൽനിന്നും തടയപ്പെട്ടവരുമാണ്. ആ മാർഗനിർദ്ദേശം അവർക്ക് വന്നുകിട്ടിയതിനു ശേഷമാണ് അവർ അതിൽ പിഴവ് വരുത്തി വ്യതിചലിച്ചത്.

ചുരുക്കത്തിൽ ലോകത്ത് ആഗതരായ പ്രവാചകന്മാരെയും അവരുടെ അനുയായികളെയും വിലയിരുത്തുമ്പോൾ മനസ്സിലാക്കേണ്ട സംഗതി ഇതാണ്:

ഒന്ന്, എല്ലാ പ്രവാചകന്മാരും അവരുടെ ജനതകളെ അടിസ്ഥാനപരമായി അഭ്യസിപ്പിച്ചത് ഏകദൈവവിശ്വാസമാണ്. പിൽക്കാലത്ത് അതത് അനുയായികളാണ് അതിൽ മാറ്റം വരുത്തിയത്.

രണ്ട്, എല്ലാ പ്രവാചകജനതകൾക്കും നമസ്കാരം, സകാത്ത് പോലുള്ള അടിസ്ഥാനപരമായ ഏകദൈവാരാധന നിർബന്ധമാക്കിയിരുന്നു. പിൽക്കാലത്ത് അതത് ജനത അവയൊക്കെ മാറ്റിമറിക്കുകയാണുണ്ടായത്.

ഈ രീതിയിലുള്ള വിശ്വാസവും ആരാധനയുമാണ് ഏകദൈവവിശ്വാസത്തിൻെറയും ആരാധനയുടെയും കാതൽ. അതിനെയാണ് ഖയ്യിമ അഥവാ ചൊവ്വായ എന്ന പദം കൊണ്ട് വിശേഷിപ്പിച്ചിട്ടുള്ളത്. അതനുസരിച്ചു ജീവിക്കുന്നവരാണ് സന്മാർഗം പ്രാപിച്ചവർ. അത് ആർ നിർവഹിച്ചാലും അതാണ് ശരിയായിട്ടുള്ള ജീവിതരീതി.

---

إِنَّ الَّذِينَ كَفَرُوا مِنْ أَهْلِ الْكِتَابِ وَالْمُشْرِكِينَ فِي نَارِ جَهَنَّمَ خَالِدِينَ فِيهَا أُوْلَئِكَ هُمْ شَرُّ الْبَرِيَّةِ

***വേദക്കാരിലും ബഹുദൈവാരാധകരിലും പെട്ട സത്യനിഷേധികളുണ്ടല്ലോ, നിശ്ചയം അവർ നരകത്തിൽ ചെന്നെത്തുന്നതും അതിൽ നിത്യവാസികളായിരിക്കുകയും ചെയ്യും. അവരത്രെ സൃഷ്ടികളിലേറ്റം നികൃഷ്ടരായവർ.***

---

വേദക്കാരിലും ബഹു ദൈവാരാധകരിലും പെട്ട സത്യനിഷേധികൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അടിസ്ഥാനപരമായ തങ്ങളുടെ വിശ്വാസത്തിൽനിന്ന് വ്യതിചലിക്കുകയും നിഷേധം കൈക്കൊള്ളുകയും അതിൻെറ താല്പര്യങ്ങളെ മാറ്റിമറിക്കുകയും ചെയ്തവരാണ്. അത് ഏതൊക്കെ കാര്യങ്ങളിലാണെന്ന് ആമുഖത്തിൽ സൂചിപ്പിക്കുകയുണ്ടായി. ഇവിടെ പ്രത്യേകം പ്രസ്താവ്യമായ സംഗതി അവരിലേക്ക് ആഗതനായ ദൈവദൂതനെ നിഷേധിച്ചു എന്നതാണ്. പ്രവാചകനിഷേധം ദൈവനിഷേധത്തിന് തുല്യവുമാണ്. ആ പ്രവാചകനാകട്ടെ, തങ്ങളുടെ വേദങ്ങളിൽ സുവിശേഷം അറിയിക്കപ്പെട്ട വ്യക്തിയുമാണ്. അദ്ദേഹം പറയുന്ന സംഗതികളാകട്ടെ തങ്ങളുടെ തന്നെ വേദങ്ങൾ ശരിവെക്കുന്നതുമാകുന്നു. എന്നിട്ടും അദ്ദേഹത്തെ നിഷേധിക്കുന്നതിനർഥം ഏകദൈവത്തെ നിഷേധിക്കുക എന്നതാകുന്നു.

*"അവരത്രെ സൃഷ്ടികളിലേറ്റം നികൃഷ്ടർ"* എന്നതുകൊണ്ട് അർഥമാക്കുന്നത് മനുഷ്യനിയോഗവുമായി ബന്ധപ്പെട്ട വിഷയമാണ്. അതായത്, മനുഷ്യനാണ് സൃഷ്ടികളിലേറ്റം ഉന്നതൻ. അവനെ മറ്റു സൃഷ്ടികളിൽനിന്ന് ഉന്നതനും വ്യതിരിക്തനുമാക്കുന്നത് അവൻെറ ബുദ്ധിശക്തിയും മനന ശേഷിയും വിവേചനബോധവുമാണ്. മറ്റുള്ളവയ്ക്ക് അതില്ല. ഈ കഴിവുകൾ അവന് നല്കിയത് അതിലൂടെ തൻെറ രക്ഷിതാവിനെ കണ്ടെത്തുവാനും അവന് കീഴ്പെട്ട് ജീവിക്കുവാനുമാണ്. അവനെ അതിലേക്ക് നയിക്കും വിധത്തിൽ ഈ പ്രപഞ്ചത്തിൽ അനേകം ദൃഷ്ടാന്തങ്ങൾ ഏകദൈവം സംവിധാനിച്ചുവെച്ചിട്ടുണ്ട്. അതോടൊപ്പം പ്രവാചകന്മാരും

പ്രാപഞ്ചികപ്രതിഭാസങ്ങളും അവൻെറ ബുദ്ധിയും ഒത്തൊരുമിച്ചുള്ള പ്രവർത്തന മാണ് അവനെ നേർവഴി കണ്ടെത്തുന്നതിൽ മിക്കപ്പോഴും സഹായകമായി വർത്തി ക്കുന്നത്. പക്ഷേ, അവൻ തൻെറ ബുദ്ധി സ്വയം അതിനായി വിനിയോഗിക്കണ മെന്നു മാത്രം. അതിനു പകരം തൻെറ ബുദ്ധിയും മറ്റു കഴിവുകളും വിപരീത മാർഗത്തിലാണ് ഒരാൾ ഉപയോഗിക്കുന്നതെങ്കിൽ അയാൾ ദൈവധിക്കാരിയും നന്ദി കെട്ടവനുമാണ്. ഇതിനെയാണ് കാഫിർ എന്ന അറബിപദം കൊണ്ട് സൂചിപ്പിച്ചത്. ഇതത്രെ അവനെ നികൃഷ്ടനാക്കുന്നത്.

---

إِنَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ أُوْلَئِكَ هُمْ خَيْرُ الْبَرِيَّةِ

***തീർച്ചയായും സത്യവിശ്വാസം കൈക്കൊള്ളുകയും സൽകർമങ്ങളാചരിക്കുകയും ചെയ്തവരോ, അവരത്രെ സൃഷ്ടികളിൽ ഉത്കൃഷ്ടരായവർ.***

---

ഇത് ആത്മീയമായ പരാമർശമാണ്. മനുഷ്യൻ തൻെറ ബുദ്ധിയും കഴിവുകളും ഏകദൈവത്തെ കണ്ടെത്തുവാനും അതുവഴി അവന് സ്വയം സമർപ്പിച്ചു ജീവിക്കു വാനും തയാറാകുമ്പോൾ അവൻ പരിശുദ്ധനും മാലാഖയെക്കാൾ ഉന്നതനുമായി മാറുന്നു. അതാകട്ടെ, ദൈവം അവന് നല്കിയ ജീവിതവ്യവസ്ഥയുടെ മാത്രം യോഗ്യതയാകുന്നു. ദൈവം ഒരു പരീക്ഷണാർഥം അവന് നല്കിയ എല്ലാ കഴിവുക ളും തൻെറ നാഥനെ കണ്ടെത്താൻ ഉപയോഗിച്ചു എന്നതാണ് ഈ യോഗ്യതയുടെ അടിസ്ഥാനം. കാരണം, തൻെറ ബുദ്ധി തനിക്ക് ഇഷ്ടപ്പെട്ട രീതിയിൽ ഉപയോഗി ക്കുവാനും ജീവിക്കുവാനും അവന് സ്വാതന്ത്ര്യം ഉണ്ടായിരുന്നു. ആ സ്വാതന്ത്ര്യം തൻെറ യജമാനൻെറ പൊരുത്തത്തിനു വേണ്ടി മാറ്റി വെച്ചവനാകുന്നു അവൻ. ആ സ്വാതന്ത്ര്യമാണ് അവനെ നിർഭയനായി നന്മ ചെയ്തു ജീവിക്കുവാൻ പ്രേരിപ്പിച്ചത്. അതത്രെ അവൻെറ ഉന്നിതയുടെ പൊരുൾ.

---

جَزَاؤُهُمْ عِندَ رَبِّهِمْ جَنَّاتُ عَدْنٍ تَجْرِي مِن تَحْتِهَا الْأَنْهَارُ خَالِدِينَ فِيهَا أَبَدًا رَّضِيَ اللَّهُ عَنْهُمْ وَرَضُوا عَنْهُ ذَلِكَ لِمَنْ خَشِيَ رَبَّهُ

സത്യവിശ്വാസം കൈക്കൊള്ളുകയും സദ്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തവരോ, നിശ്ചയം അവരത്രെ സൃഷ്ടികളിലേറ്റം ശ്രേഷ്ഠരായവർ. അവരുടെ നാഥങ്കൽ അ വർക്ക് കർമഫലം സ്ഥിരവാസത്തിനുള്ള സ്വർഗമാകുന്നു. ആ സ്വർഗത്തിനു കീഴെ അരു വികളൊഴുകിക്കൊണ്ടിരിക്കും. അതിലവർ എന്നും വസിക്കും. അല്ലാഹു അവ രിൽ സംപ്രീതനായിരിക്കുന്നു. അവർ അല്ലാഹുവിലും സംപ്രീതരായിരിക്കുന്നു. തൻെറ നാഥനെ ഭയപ്പെടുന്നവർക്കുള്ളതതത്രെ ഇതൊക്കെയും

---

അവർക്കുള്ള പ്രതിഫലമാകുന്നു ഈ വചനത്തിൻെറ ഉള്ളടക്കം. അതിനുള്ള ഉപാധിയാകട്ടെ, സ്വന്തം ബുദ്ധി ഉപയോഗിച്ചു ദൈവത്തെ കണ്ടെത്തുകയും അവന് കീഴ്വണങ്ങി ജീവിക്കുകയും അവനെതിരിൽ യാതൊരു ധിക്കാരനയവും കൈക്കൊ ള്ളാതിരിക്കുകയും അവൻ കല്പിച്ച സംഗതികളിൽ വിശ്വസിക്കുകയും അവയെ അനുധാവനം ചെയ്യുകയും ജീവിതത്തിൽ മുഴുവൻ അവൻെറ നിർദ്ദേശങ്ങൾ പിന്തു ടരുകയും, തൻെറ ജീവിതം മുഴുവൻ ചോദ്യം ചെയ്യപ്പെടുമെന്ന വിചാരത്തോടെ കർ മങ്ങളിൽ ഏർപ്പെടുകയും ചെയ്യുക എന്നതാണ്. അവർക്കാണ് പാരത്രിക ലോകത്ത് അന്തിമ വിജയം.

ഇവിടെ മറ്റൊരു കാര്യം കൂടി സൂചിപ്പിക്കട്ടെ. അടിമയെ സംബന്ധിച്ച യജമാ നൻെറ സന്തോഷവും സംതൃപ്തിയുമാണ് വിജയത്തിനാധാരം. ഈ ലോകത്ത് മനുഷ്യജീവിതത്തിൻെറ അടിസ്ഥാനലക്ഷ്യവും അതാണ്. യജമാനൻെറ സംതൃപ്തി യെ മറികടന്നുകൊണ്ട് ആർക്കും പാരത്രികജീവിതത്തിൽ വിജയം നേടാൻ സാധി ക്കില്ല. തൻെറ ജീവിതത്തിലുണ്ടായിരുന്ന എല്ലാ സംഗതികളും ദൈവിക തീരുമാന പ്രകാരമുള്ളതാണെന്ന് വിശ്വസിച്ച് അതിൽ സംതൃപ്തിയടയുകയെന്നതാണ് പ്രധാനം.